**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.എ.എസ്. കേരള കേഡറിലെ തസ്തികകളും ഒഴിവുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.എ.എസ്. കേരള കേഡറിലെ ആകെ തസ്തികകളുടെയും നിലവിലുള്ള ആകെ ഒഴിവുകളുടെയും എണ്ണം എത്ര എന്ന് അറിയിക്കുമോ; | (എ) | ഐ.എ.എസ് കേരള കേഡറിൽ അനുവദിച്ചിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം 231 ആണ്. ഇതിൽ 161 എണ്ണം നേരിട്ടുള്ള നിയമനത്തിനും 60 എണ്ണം ബൈ പ്രമോഷൻ വഴിയുള്ള നിയമനത്തിനും 10 എണ്ണം ബൈ സെലക്ഷൻ വഴിയുള്ള നിയമനത്തിനുമായി നീക്കി വച്ചിരിക്കുന്നു. നിലവിൽ കേരള കേഡറിൽ 88 ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഇതിൽ 41 എണ്ണം നേരിട്ടുള്ള നിയമന വിഭാഗത്തിലും 40 എണ്ണം ബൈ പ്രമോഷൻ വിഭാഗത്തിലും 7 എണ്ണം ബൈ സെലക്ഷൻ വിഭാഗത്തിലും ഉൾപ്പെടുന്നു. |
| (ബി) | നിലവിലുള്ള ഒഴിവുകളിൽ യു.പി.എസ്.സി. ഡയറക്ട് റിക്രൂട്ട്മെന്റ് മുഖേനയുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് നീക്കിവെച്ചിരിക്കുന്നത്; മൊത്തം ഒഴിവുകളുടെ എത്ര ശതമാനമാണ് ആയതിനായി നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | നിലവിൽ ഐ.എ.എസ് കേരള കേഡറിൽ ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ 41 എണ്ണം നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതാണ്. ഇത് ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ 46.59 ശതമാനമാണ്. |
| (സി) | നിലവിലുള്ള ഒഴിവുകളിൽ ഐ.എ.എസ്. (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റെഗുലേഷൻസ് 1955 പ്രകാരമുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് നീക്കിവെച്ചിരിക്കുന്നതെന്നും മൊത്തം ഒഴിവുകളുടെ എത്ര ശതമാനമാണ് ആയതിനായി നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ? | (സി) | ആകെ കുറവുള്ള ഐ.എ.എസ് ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ ഐ.എ.എസ് (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റെഗുലേഷൻസ് 1955 പ്രകാരമുള്ള നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 40 എണ്ണം ഉൾപ്പെടുന്നു. ഇത് ആകെ കുറവുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ 45.45 ശതമാനമാണ്. |

സെക്ഷൻ ഓഫീസർ